**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 64** **27-06-2022 - ൽ മറുപടിയ്ക്ക്**

**വടകര-മാഹി കനാൽ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വിവിധ ഘട്ടങ്ങളിലായി നടക്കുന്ന വടകര-മാഹി കനാൽ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; | (എ) | വടകര–മാഹി കനാൽ 2025-നകം ദേശീയ ജലപാത നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള ആഴം കൂട്ടൽ പ്രവൃത്തികൾ, വീതികൂട്ടൽ, നടപ്പാലങ്ങൾ, പാലങ്ങൾ, ലോക്കുകൾ എന്നിവയുടെ നിർമ്മാണം 5 റീച്ചുകളിലായാണ് ക്രമീകരിച്ചിരി ക്കുന്നത്. ഇതിനോടകം 8 കി.മീ. ഭാഗം പൂർണ്ണമായും ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. ഒരോ റീച്ചിലെയും നിലവിലെ സ്ഥിതി വിവരം താഴെ ചേർക്കുന്നു.<br><br><u>I) റീച്ച്-1 : 4കി.മീ (ചെ. 450.080കി.മീ മുതൽ 454.080 കി.മീ വരെ)</u><br><br>1. കനാൽ നിർമ്മാണം - ചതുപ്പപ്രദേശമായതിനാൽ മണ്ണിന്റെ സിങ്കിംഗ് സ്വഭാവം (താഴ്ന്ന പോകുന്ന പ്രതിഭാസം) മൂലം കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിച്ച നിർമ്മാണ പ്രവൃത്തികൾ ഭാഗികമായി മാത്രമെ പൂർത്തിയാക്കാൻ സാധിച്ചിട്ടുള്ളൂ. ചതുപ്പപ്രദേശമെന്നത് പരിഗണിച്ച് ഭൂമിയുടെ സ്വാഭാവിക ചരിവ് നിലനിർത്തിക്കൊണ്ട് കനാൽ നിർമ്മിക്കുന്നതിനായി ഇരുകരകളിലുമായി 29.96 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br><br>2. ക്രോസ് സ്ട്രക്ചേഴ്സ്<br><br>(i). മൂഴിക്കൽ ലോക്ക് കം ബ്രിഡ്ജ് (ചെ.450.080കി.മീ)<br><br>നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിച്ച് വരുന്നു. |

31.12.2022-നകം നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

മൂഴിക്കൽ ലോക്ക് കം ബ്രിഡ്ജിലേക്കുള്ള അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്.

(ii) കന്നിനട പാലം പുനർനിർമ്മാണം

നിലവിലുള്ള പാലം പൊളിച്ച് മാറ്റി ഹൊറിസോണ്ടൽ ക്ലിയറൻസും (32 മീറ്റർ) വെർട്ടിക്കൽ ക്ലിയറൻസും (6 മീറ്റർ) നൽകി പുനർ നിർമ്മിക്കുന്നതിനാവശ്യമായ ഡിസൈൻ തയ്യാറാക്കാനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട്.

(iii) നടപ്പാലങ്ങളുടെ നിർമ്മാണം

കുമുള്ളി, കൗന്തൻനട എന്നീ നടപ്പാലങ്ങളുടെ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്.

II) <u>റീച്ച് II 3.30 കി.മീ. (ചെ. 454.080 മുതൽ 457.380 കി. മീ. വരെ)</u>

1. കനാൽ നിർമ്മാണം

കനാലിന്റെ ആഴം കൂട്ടൽ, വീതി കൂട്ടൽ എന്നീ പ്രവൃത്തികൾ ദേശീയ ജലപാത നിലവാരത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്.

2. ക്രോസ് സ്ട്രക്ചേഴ്സ്

i) കോട്ടപ്പള്ളി പാലം പുനർനിർമ്മാണം

IDRB തയ്യാറാക്കിയ ഡിസൈൻ പ്രകാരമുള്ള 25 കോടി രൂപയുടെ വിശദമായ പദ്ധതി രേഖ പ്രകാരം ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ച് വരുന്നു. ഇതിനാവശ്യമായ ഭൂമി ഏറ്റെടുക്കലും പുരോഗമിക്കുന്നു.

ii) നടപ്പാലങ്ങളുടെ നിർമ്മാണം

1. ചാത്തോത്ത് പൊയിൽ, നരിക്കോത്ത് താഴെ നടപ്പാലങ്ങളുടെ പ്രവൃത്തി പൂർത്തിയായി.

2. തില്ലേരി താഴെ നടപ്പാലത്തിന്റെ നിർമ്മാണ പ്രവൃത്തി അവസാന ഘട്ടത്തിലാണ്.

3. കണ്ണൻകുട്ടി നടപ്പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

III) റീച്ച് III 3.24 കി. മീ. (ചെ. 457.380 കി. മീ. മുതൽ 460.620 വരെ

1. കനാൽ നിർമ്മാണം

3.24 കി. മീ. ദൈർഘ്യമുള്ള ഈ റീച്ചിൽ 800 മീറ്ററിൽ ഉയർന്ന ഭൂപ്രകൃതി മൂലവും മണ്ണിന്റെ പ്രത്യേക സ്വഭാവം മൂലവും (ഉറപ്പില്ലാത്ത മണൽപാളി) പ്രത്യേക ഡിസൈൻ ആവശ്യമാണ്. തിരുവനന്തപുരം എൽ.ബി.എസ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി മുഖേന ഡിസൈൻ തയ്യാറാക്കിയിട്ടുണ്ട്. ശേഷിക്കുന്ന 2.44 കി. മീ. കനാൽ നിർമ്മാണം 50 ശതമാനം പൂർത്തിയാക്കി. കുഴിച്ചെടുത്ത മണ്ണ് ഉണനിലവാരമില്ലാത്തതിനാൽ ഡംപിംഗ് യാർഡിനായി കോഴിക്കോട് കലക്ടർ മുഖാന്തിരം പുറമ്പോക്ക് ഭൂമി, തരിശു ഭൂമി എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

2. ക്രോസ് സ്ട്രക്ചേഴ്സ്

1) പാലങ്ങളുടെ നിർമ്മാണം

പറമ്പിൽ പാലവും കല്ലേരി പാലവും ഗതാഗതത്തിനായി തുറന്നു കൊടുത്തിട്ടുണ്ട്.

2) നടപ്പാലങ്ങളുടെ നിർമ്മാണം

തച്ചോളി താഴെ നടപ്പാലം, രാജവീഥി നടപ്പാലം എന്നിവയുടെ നിർമ്മാണം പൂർത്തിയായി.

3. കുറ്റ്യാടി ജലസേചന പദ്ധതിയുടെ കീഴിലുള്ള ചേരിപൊയിൽ അക്വഡെക്ട് പുനർനിർമ്മാണം

അക്വഡെക്ട് കടന്നു പോകുന്ന കനാലിന്റെ ഭാഗത്ത് ആവശ്യമായ ഹൊറിസോണ്ടൽ ക്ലിയറൻസ് ഇല്ലാത്തതിനാൽ 3 സ്പാനുകൾ പുനർനിർമ്മിക്കേണ്ടതുണ്ട്. ആയതിനുള്ള മണ്ണ് പര്യവേഷണ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. ടെസ്റ്റ് റിപ്പോർട്ട് ലഭിക്കുന്നമുറക്ക് ഡിസൈൻ തയ്യാറാക്കുന്ന നടപടികളിലേയ്ക്ക് കടക്കുന്നതാണ്.

IV) റീച്ച് IV 3.590 കി. മീ. (ചെ. 460.620 മുതൽ 464.210 കി. മീ. വരെ)

1. കനാൽ നിർമ്മാണം

ഈ റീച്ചിൽ ആഴംകൂട്ടൽ പ്രവൃത്തികൾ 93 ശതമാനം പൂർത്തീകരിച്ചു. കരാറുകാരൻ ബഹു. കേരള ഹൈക്കോടതിയിൽ നൽകിയ റിട്ട് ഹർജിയിലെ ഉത്തരവിന് വിധേയമായി മാത്രമേ ബാക്കിയുള്ള സംരക്ഷണ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂ.

2. പാലങ്ങളുടെ പുനർ നിർമ്മാണം

i) വെങ്ങോളി പാലം : പ്രവൃത്തി നിർമ്മാണം 65 % പൂർത്തിയായിട്ടുണ്ട്. അവശേഷിച്ച പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.

ii) കളിയാംവള്ളി പാലം : IDRB തയ്യാറാക്കിയ ഡിസൈൻ അനുസരിച്ച് വിശദമായ പദ്ധതി രേഖ തയ്യാറാക്കി വരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികൾ ത്വരിത ഗതിയിൽ നടന്നു വരുന്നു.

3. നടപ്പാലങ്ങളുടെ നിർമ്മാണം

ചാത്തോത്ത് പൊയിൽ മസ്ജിദ് നടപ്പാലം, ഒറ്റക്കണ്ടിതാഴെ നടപ്പാലം എന്നിവയുടെ നിർമ്മാണം പൂർത്തിയായി.

കല്ലിൽത്താഴ നടപ്പാലത്തിന്റെ നിർമ്മാണം 97%-വും പോതിമഠത്തിൽ താഴെ നടപ്പാലത്തിന്റെ നിർമ്മാണം 75 %-വും പൂർത്തിയായി.

<u>V) റീച്ച് V – 3.480 കി. മീ. (ചെ. 464.210 മുതൽ 467.690 കി. മീ. വരെ)</u>

1. കനാൽ നിർമ്മാണം 48% പൂർത്തിയായി. കനാൽ വീതി കൂട്ടുന്നതിനായി ഇരുകരകളിലുമായി സ്ഥലമേറ്റെടുക്കൽ നടപടി പുരോഗമിക്കുന്നു. 37.56 ഏക്കർ സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

2. ക്രോസ് സ്ട്രക്ചേഴ്സ്

a. കരിങ്ങാലി മുക്ക് ലോക്ക് കം ബ്രിഡ്ജ് @ ചെയിനേജ് 467.00 കി. മീ. - PAC 39.50 കോടി

30 കോടി രൂപയുടെ സിവിൽ പ്രവൃത്തികൾ പുരോഗമിക്കുന്നു. മെക്കാനിക്കൽ പ്രവൃത്തികൾക്കും ഇലക്ട്രിക്കൽ പ്രവൃത്തികൾക്കും 46 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. മെക്കാനിക്കൽ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

| | | | |
|---|---|---|---|
| | | | b) പാലങ്ങളുടെ നിർമ്മാണം<br><br>i) തയ്യിൽപാലം :- IDRB തയ്യാറാക്കിയ ഡിസൈൻ അനുസരിച്ച് വിശദമായ പദ്ധതി രേഖ തയ്യാറാക്കി വരുന്നു.<br><br>c) നടപ്പാലങ്ങളുടെ നിർമ്മാണം<br><br>1. കറുവയൽ നടപ്പാലം :- നിർമ്മാണ പ്രവൃത്തികൾ 65 ശതമാനം പൂർത്തിയായിട്ടുണ്ട്.<br><br>2. അംഗീകൃത കനാൽ നിർമ്മാണം പൂർത്തിയാകുമ്പോൾ ചെയിനേജ് 466.30 മുതൽ ചെയിനേജ് 466.900 കി. മീ. വരെ ഒരു പുതിയ ഐലന്റ് രൂപപ്പെടുന്നതുമൂലം ചെയിനേജ് 466.900 കി. മീറ്ററിൽ പുതിയ നടപ്പാലം നിർമ്മിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |
| (ബി) | നിലവിലെ പ്രവൃത്തികൾ കരാർ സമയക്രമം പാലിച്ചാണോ നടന്നുവരുന്നതെന്ന് അറിയിക്കാമോ; വിവിധ ഘട്ടങ്ങളിലെ പ്രവൃത്തി ഏറ്റെടുത്ത ഏജൻസികളുടെ വിവരങ്ങൾ ലഭ്യമാക്കാമോ; | (ബി) | നിലവിലെ പ്രവൃത്തികളിൽ കരാർ സമയക്രമം പാലിച്ച് നടന്നു വരുന്നവയും സമയക്രമം പാലിക്കാത്തവയും ഉണ്ട്.<br><br><u>കരാർ സമയക്രമം പാലിച്ച് നടന്നു വരുന്ന പ്രവൃത്തികളും കരാറുകാരും</u><br><br>1. മൂഴിക്കൽ ലോക്ക് കം ബ്രിഡ്ജ് - M/s. ULCCS Ltd.<br><br>2. വെങ്ങോളി പാലം നിർമ്മാണം - ശ്രീ. ടി. എ. അബ്ദുൾ റഹിമാൻ, കാസറഗോഡ്.<br><br>3. കരിങ്ങാലിമുക്ക് ലോക്ക് കം ബ്രിഡ്ജ് - ശ്രീ. ടി. എ. അബ്ദുൾ റഹിമാൻ, കാസറഗോഡ്.<br><br>4. വടകര – മാഹി കനാൽ അഞ്ചാം റീച്ച്- ബാക്കി പ്രവൃത്തികൾ - ശ്രീ. ജി. ബാലകൃഷ്ണൻ നായർ, എറണാകുളം.<br><br>5. ചേരിപ്പൊയിൽ അക്വഡക്റ്റ് - കല്ലേരി ബണ്ട് റോഡ് അഭിവൃദ്ധിപ്പെടുത്തൽ - M/s. ULCCS Ltd.<br><br><u>കരാർ സമയക്രമം പാലിക്കാതെ നടന്നു വരുന്ന പ്രവൃത്തികളും കരാറുകാരും</u><br><br>1. മൂന്നാം റീച്ച്- (ചെ. 457.380 – ചെ. 460.620 കി. മീ.) കനാൽ നിർമ്മാണം - ശ്രീ. കെ. എം. ജലാൽ, നോർത്ത് പറവൂർ. |

| | | | |
|---|---|---|---|
| | | | 2. തില്ലേരി താഴെ, കല്ലിൽത്താഴെ, കറുവയൽ എന്നീ 3 നടപ്പാലങ്ങൾ - ശ്രീ. വി. അബ്ദുൾ ഷുക്കൂർ, മലപ്പുറം. |
| (സി) | പ്രവൃത്തിയുടെ മൂന്നാം റീച്ചിലെ നിർമ്മാണത്തിനായി സമർപ്പിച്ച പ്രോജക്റ്റ് റിപ്പോർട്ട് അംഗീകരിച്ചിട്ടുണ്ടോ; | (സി) | സർക്കാർ തലത്തിൽ പരിശോധിച്ചു വരുന്നു. |
| (ഡി) | വിവിധ ഘട്ടങ്ങളിലെ പ്രവൃത്തികൾ ഏതൊക്കെ സമയത്താണ് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (ഡി) | 1. മൂഴിക്കൽ ലോക്ക് കം ബ്രിഡ്ജ് - 2023 മെയ് 31.<br>2. വെങ്ങോളി പാലം നിർമ്മാണം - 2023 മെയ് 31.<br>3. കരിങ്ങാലിമുക്ക് ലോക്ക് കം ബ്രിഡ്ജ് - 2023 ഡിസംബർ 31.<br>4. അഞ്ചാം റീച്ച് കനാൽ - 2023 മാർച്ച് 31.<br>5. ചേരിപ്പൊയിൽ അക്വാഡക്റ്റ് - കല്ലേരി ബണ്ട് റോഡ് - 2022 ഡിസംബർ 31. |

സെക്ഷൻ ഓഫീസർ